നം – എൻ2/22494/13/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി18.06.2013

## <u>സർക്കുലർ</u>

വിഷയം– പ്രീ–മെട്രിക് സ്ക്കോളർഷിപ്പ് (ന്യൂനപക്ഷ വിഭാഗം) പദ്ധതി 2013–14 – അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

**<u>അപേക്ഷകനുള്ള നിർദ്ദേശങ്ങൾ</u>**

1. സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് (അംഗീകൃതം)അഫിലിയേഷനുള്ള സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളിലെ ഒന്നു മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധിസ്റ്റ്, പാഴ്സി എന്നീ ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെട്ട കുട്ടികളാണ് പ്രീ–മെട്രിക് സ്കോളർഷിപ്പ് (ന്യൂനപക്ഷ വിഭാഗം) പദ്ധതിപ്രകാരം അപേക്ഷ സമർപ്പിക്കേണ്ടത്.
2. മുൻവർഷങ്ങളിൽ പ്രീ–മെട്രിക് സ്ക്കോളർഷിപ്പിന് അപേക്ഷിച്ചവരും 2013–14 വർഷത്തിൽ അപേക്ഷ ഹാജരാക്കേണ്ടതാണ്.
3. 2013–14 വർഷത്തേക്കുള്ള പ്രീ–മെട്രിക് (ന്യൂനപക്ഷവിഭാഗം) സ്ക്കോളർഷിപ്പിന്റെ അപേക്ഷാഫോറം **www.education.kerala.gov.in, www.scholarship.itschool.gov.in** എന്നീ വെബ്സൈറ്റുകളിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കേണ്ടതാണ്. N2/22494/13/DPI എന്ന നമ്പരിലുള്ള അപേക്ഷാഫോറത്തിൽ മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളൂ.
4. അപേക്ഷാഫോറം പൂരിപ്പിക്കുന്നതിന് മുമ്പായി നിർദ്ദേശങ്ങൾ ശ്രദ്ധിച്ച് വായിക്കേണ്ടതാണ്.
5. മുൻവർഷം പ്രീ–മെട്രിക് സ്കോളർഷിപ്പ് (ന്യൂനപക്ഷ വിഭാഗം) തുക ലഭിച്ച വിദ്യാർത്ഥികൾ നിർബന്ധമായും അപേക്ഷയിലെ **RENEWAL** കോളം മാർക്ക് ചെയ്യേണ്ടതാണ്.
6. അപേക്ഷകൾ പൂരിപ്പിക്കുന്നതിന് അദ്ധ്യാപകരുടേയോ, പ്രധാനാധ്യാപകന്റേയോ സഹായം ആവശ്യമെങ്കിൽ തേടാവുന്നതാണ്.
7. അപേക്ഷയിലെ പാർട്ട് I പൂരിപ്പിച്ച് സ്വയം സാക്ഷ്യപ്പെടുത്തിയ പാസ്സ്പോർട്ട് സൈസ് ഫോട്ടോ പതിച്ച്, രക്ഷകർത്താവിന്റെ വാർഷികവരുമാനം **(സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും, ഉദ്യോഗമുള്ളവർ അതാത് സ്ഥാപനം നൽകുന്ന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. വില്ലേജ് ഓഫീസറുടെ വരുമാനസർട്ടിഫിക്കറ്റ് ആവശ്യമില്ല),** കുട്ടിയുടെ മതം തെളിയിക്കുന്നതിന് സ്വയം തയ്യാറാക്കിയ സത്യവാങ്മൂലത്തിനൊപ്പം ഒപ്പ് രേഖപ്പെടുത്തി ബന്ധപ്പെട്ട സ്കൂളധികാരിക്ക് നിശ്ചിത തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ് **(സത്യവാങ്മൂലം സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും. മുദ്രപ്പത്രം ആവശ്യമില്ല).**
8. സ്കൂൾ രേഖയിലുള്ള ജനനത്തീയതിയാണ് അപേക്ഷയിൽ രേഖപ്പെടുത്തേണ്ടത് (ആവശ്യമെങ്കിൽ അധ്യാപകരുടെ സഹായം തേടേണ്ടതാണ്).
9. അപേക്ഷാഫോറത്തിൽ കുട്ടികൾ നിർബന്ധമായും ഒപ്പിട്ടിരിക്കണം. ഒന്നു മുതൽ അഞ്ചു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷകർത്താക്കൾ അപേക്ഷാഫോറത്തിൽ ഒപ്പിട്ടിരിക്കേണ്ടതാണ്.
10. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **<u>31.07.2013</u>** ആണ്.
11. അപൂർണ്ണവും അവസാന തീയതിക്ക് ശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**ഒപ്പ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ് – 1. എല്ലാ ഡി.ഡി.മാർക്കും
2. എല്ലാ ഡി.ഇ.ഒ മാർക്കും
3. എല്ലാ എ.ഇ.ഒ മാർക്കും
4. എല്ലാ സ്കൂളധികാരികൾക്കും (എ.ഇ.ഒ/ഡി.ഇ.ഒ മുഖേന)
5. സ്റ്റോക്ക് ഫയൽ